പൂയപ്പള്ളി പ്രൈമറി ഹെൽത്ത് സെൻററിലെ കിടക്കകൾ വർദ്ധിപ്പിക്കുന്നതിന് നിവേദനം

781 [1150] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ പൂയപ്പള്ളി പ്രൈമറി ഹെൽത്ത് സെൻററിലെ കിടക്കകൾ വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) 1979-ൽ പ്രസ്തുത പ്രൈമറി ഹെൽത്ത് സെൻററിലെ സൗകര്യം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത് ഒരു ഗ്രാമീണ ഡിസ്പെൻസറിയാണ്. പ്രാഥമികാരോഗ്യ കേന്ദ്രമല്ല. ഇവിടെ കിടക്കകൾ അനുവദിക്കണമെന്നു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ഗ്രാമീണ ഡിസ്പെൻസറികളിൽ വാർഡു നിർമ്മിക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ വക കൊള്ളിച്ചിട്ടില്ല. പഞ്ചായത്തോ നാട്ടുകാരോ സൗജന്യമായി വാർഡു നിർമ്മിച്ചു തന്നാൽ മാത്രമേ 10 കിടക്കകൾ ഉള്ള ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയിൽ മുൻഗണന നൽകാൻ പറ്റുകയുള്ളൂ.

(സി) ഒരേക്കർ സ്ഥലവും സ്ഥിരമായ കെട്ടിടവും ലഭിച്ചിട്ടുള്ള ഗ്രാമീണ ഡിസ്പെൻസറികളിൽ പത്തു കിടക്കകളിടാവുന്ന വാർഡ് നിർമ്മിക്കുന്നതിന് പഞ്ചായത്തുകൾക്കു അനുമതി നൽകുന്ന പ്രശ്നം സർക്കാർ പരിഗണിച്ചുവരുന്നു.

എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിലെ കിടക്കകളുടെ എണ്ണം

782 [1151] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിച്ച് സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഇതിലേക്ക് നാട്ടുകാരുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 26.1.1978 മുതൽ കിടക്കകളുടെ എണ്ണം 25-ൽനിന്നും 100 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ജല വിതരണ പദ്ധതി പൂർത്തിയായിട്ടുണ്ട്. വൈദ്യുതീകരണം പൂർത്തിയാക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കിടക്കകളുടെ എണ്ണം 25-ൽനിന്ന് 100 ആയി വർദ്ധിപ്പിച്ചു. (എ) യുടെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന നടപടികളും പൂർത്തിയായതിനുശേഷം കിടക്കകളുടെ എണ്ണം 150 ആയി വർദ്ധിപ്പിക്കാവുന്നതാണ്.

ചേരി പ്രദേശങ്ങളിലും ഹരിജൻ കോളനികളിലും പൊതുജന ആരോഗ്യ സംരക്ഷണം

783 [1152] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചേരി പ്രദേശങ്ങളിലും ഹരിജൻ കോളനികളിലും പൊതുജനാരോഗ്യ സംരക്ഷണത്തിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഗ്രാമപ്രദേശങ്ങളിലെ സാധാരണക്കാരന്റെ താൽപര്യങ്ങളെ കണക്കിലെടുത്തുകൊണ്ട് മൊബൈൽ ആശുപത്രികളും തുടങ്ങുന്നതിനെ സംബന്ധിച്ചുള്ള വല്ല നിർദ്ദേശവും പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഹരിജനങ്ങളുടെ സൗകര്യത്തിനായി 8 അലോപ്പതി ഡിസ്പെൻസറികളും അഞ്ചു മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. അട്ടപ്പാടി, വയനാട്, നിലമ്പൂർ എന്നിവിടങ്ങളിൽ ഓരോ മൊബൈൽ ഡിസ്പെൻസറികളും തുടങ്ങുന്നതിനുവേണ്ട ഏർപ്പാടുകളും പൂർത്തിയാക്കി വരുന്നു.

പരുത്തിയറ ആയുർവ്വേദ ഡിസ്പെൻസറി

784 [1153] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പരുത്തിയറ ആയുർവ്വേദ ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് നാട്ടുകാരുടെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly